# പാദവാർഷിക മൂല്യനിർണയം – 2016

**A**

## മലയാളം - I

## (കേരളപാഠാവലി)

**സ്റ്റാന്റേർഡ് : IX**

**സമയം : 1½ മണിക്കൂർ**

**സ്കോർ : 40**

---

**നിർദേശങ്ങൾ**

1. ആദ്യ പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. "ഈ അമ്മെ പറഞ്ഞു മനസ്സിലാക്കാൻ എന്നെക്കൊണ്ട് വയ്യ" - ജ്യേഷ്ഠത്തി പറഞ്ഞു. ജ്യേഷ്ഠത്തിയുടെ ഈ വാക്കുകളിൽ നിഴലിക്കുന്ന ഭാവമേത്?
   - താൽപ്പര്യക്കുറവ്
   - പരിഹാസം
   - കോപം
   - നിസ്സഹായത (1)

2. അതിന്റെ <u>ആയിരമായിരം</u> ശബ്ദങ്ങൾ ഒരേ സമയത്ത് ഒത്തൊരുമിച്ച് കേൾക്കുവാൻ ഒരാൾ പ്രാപ്തനായാൽ അത് എന്തൊരു ശബ്ദമായിരിക്കും? അടിവരയിട്ട പദം പിരിച്ചെഴുതിയാൽ.
   - ആയിരം, മായിരം
   - ആയിരം, ആയിരം
   - ആയിര, ആയിരം
   - ആയിരാ, മായിരം (1)

3. 'കീറിപ്പൊളിഞ്ഞ ചകലാസ്' എന്ന കഥാശീർഷകത്തിന് ഏറ്റവും യോജിച്ച ആശയം ഏത്?
   - ശിഥിലമായിപ്പോകുന്ന ഓർമകൾ.
   - നഷ്ടപ്പെട്ടുപോകുന്ന മാതൃത്വം.
   - വാർധക്യത്തിൽ ലഭിക്കാതെ പോകുന്ന സുരക്ഷിതത്വം.
   - തീക്ഷ്ണമായ ദാരിദ്ര്യം. (1)

4. അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി എഴുതുക.
   എനിക്കു ശല്യമായിത്തീർന്നിരിക്കുന്ന ഈ വസ്തുക്കൾ നിങ്ങൾ സ്വീകരിക്കുമോ? (1)

5. 
   - വേണമെങ്കിൽ തനിക്ക് "ക്ഷ" പിടിച്ചിരിക്കുന്നുവെന്നോ, തനിക്ക് ആഹ്ലാദകരമായിരിക്കുന്നുവെന്നോ പറഞ്ഞാലും തരക്കേടൊന്നുമുണ്ടാകാനില്ല.
   - അവനെ കൂട്ടുകാർ മൂക്കുകൊണ്ട് 'ക്ഷ' വരപ്പിച്ചു.

   രണ്ടു സന്ദർഭങ്ങളിലെയും 'ക്ഷ' എന്ന പ്രയോഗത്തിന്റെ അർഥവ്യത്യാസം എഴുതുക. (2)

6. പെട്ടെന്ന് നീട്ടിപ്പിടിച്ച തന്റെ കൈയിൽ ആരുടെയോ കൈത്തലം. പൂവിതളുകളുടേതുപോലുള്ള മൃദുസ്പർശം.' (കുപ്പിവളകൾ)
   വരികളിലെ സാദൃശ്യകല്പനയുടെ ഭംഗി കണ്ടെത്തിയെഴുതുക. (2)

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും <u>5 എണ്ണത്തിന്</u> ഉത്തരമെഴുതുക. (ഓരോന്നിനും 4 സ്കോർ വീതം. അരപ്പുറം)**

7. "മരന്ദം തുളുമ്പുന്ന മലരിൻ ചുറ്റും കൂടി
   മുരളും തേനീച്ചകൾ പറന്നുകളിക്കവേ;
   വല്ലികാനടികൾ നൽ പല്ലവാകുലമായ
   ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ;"

   ഇവിടെ സസ്യലതാദികളെ മനുഷ്യഭാവത്തിൽ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം വിലയിരുത്തി കുറിപ്പു തയാറാക്കുക.

8. "അമ്മയ്ക്ക് എന്നെ ഓർമ്മയില്ലല്ലോ" - അയാൾ ചിരിക്കുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു.
   "നിനക്ക് അമ്മയെ ഓർമ്മയുണ്ടോ ഗോപീ?" ജ്യേഷ്ഠത്തി ചോദിച്ചു.
   അമ്മയ്ക്കും ഗോപിക്കും നഷ്ടമാകുന്ന 'ഓർമ്മ'കൾക്ക് ഒരേ അർഥതലമാണോ ഉള്ളത്? വിശകലനക്കുറിപ്പ് തയാറാക്കുക.

9. "രൂപം തികച്ചും ഭാവത്തിനൊത്ത് കഴിഞ്ഞാൽ കാവ്യം സുന്ദരമായി."

മുണ്ടശ്ശേരിയുടെ ഈ നിരീക്ഷണം ചുവടെ കൊടുത്ത കാവ്യഭാഗവുമായി ബന്ധപ്പെടുത്തി വില യിരുത്തി കുറിപ്പ് തയാറാക്കുക.

"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകക്കാന്തിയിൽ മുങ്ങിമുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി" - (രമണൻ - ചങ്ങമ്പുഴ)

10. "പേന മരിച്ചുകിടപ്പൂ നിൻ ട്രങ്കിന്റെ
മൂലയിൽ, കൊക്കുകൾ പൂട്ടിയിരുന്നു നാം" - (നഗരത്തിൽ ഒരു യക്ഷൻ)

മരിച്ചുകിടക്കുന്ന പേന, ട്രങ്കിന്റെ മൂല, കൊക്കുകൾ പൂട്ടിയിരിക്കുക എന്നീ പ്രയോഗങ്ങൾ കവി തയ്ക്ക് നൽകുന്ന അർഥതലങ്ങൾ വിശകലനം ചെയ്യുക.

11. "നിങ്ങളും നദിയിൽനിന്നു തന്നെ പഠിക്കും. നദിക്ക് എല്ലാം അറിയാം. ഒരാൾക്ക് എല്ലാം അതിൽ നിന്ന് പഠിക്കാം."

നദിയിൽനിന്നും പഠിക്കുക എന്നതുകൊണ്ട് എന്തെല്ലാം ആശയങ്ങളാണ് കഥാകാരൻ മുന്നോട്ടു വയ്ക്കുന്നത്? നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

12. "തന്റെ ജീവിതത്തിലേക്ക്, തന്റെ പരിശ്രമങ്ങളിലേക്ക്, തന്റെ വ്യഥകളിലേക്ക് ആഴ്ന്നിറങ്ങിച്ചെ ല്ലുന്ന ഇത്തരം ഒരു ശ്രോതാവിനെ കിട്ടുക എത്ര ആശ്വാസപ്രദമാണെന്ന് സിദ്ധാർഥൻ അറിഞ്ഞു"

നല്ല ശ്രോതാവാകുക എന്നത് സമകാലികസമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്? പ്രതികര ണക്കുറിപ്പ് തയാറാക്കുക. (5 X 4 = 20)

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഓരോ ന്നിനും 6 സ്കോർവീതം. ഒന്നരപ്പുറം)**

13. "ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ -
"ജ്ജീവിക്കൂ, ജീവിക്കൂ"കെന്നുദ്ബോധിപ്പിപ്പൂ നിത്യം" - സൗന്ദര്യലഹരി

പ്രകൃതി സൗന്ദര്യം കവിയെ ജീവിക്കാൻ നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ ഇന്നത്തെ സമൂഹത്തിന് പ്രകൃതിയോടുള്ള മനോഭാവം എന്താണ്? ലഘൂപന്യാസം തയാറാക്കുക.

14.
- "കാഴ്ചയില്ലാത്ത കണ്ണമ്മയാണ് താൻ. തന്റെ ലോകം വളരെ വളരെ ഇടുങ്ങിയതാണ്, മറ്റു ള്ളവർക്ക് മനസ്സിലാക്കാനാകാത്ത വിധം!"
- "കൈകൾ കുലുക്കി കുപ്പിവളകളുടെ മന്ത്രനാദം കേൾക്കുന്ന തിരക്കിൽ അവൾ മറ്റെല്ലാം മറന്നു പോയിരുന്നു."

'കണ്ണമ്മ' എന്ന കഥാപാത്രത്തിന്റെ ജീവിതാവസ്ഥകൾ ഈ വാക്യങ്ങളിൽനിന്ന് വ്യക്തമാകുന്നു ണ്ടല്ലോ. കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി കഥാപാത്രനിരൂപണം തയാറാക്കുക.

15. **ആശ്വാസം**

അമ്മ മരിച്ചപ്പോൾ
ആശ്വാസമായി
ഇനിയെനിക്കത്താഴപ്പഷ്ണി കിടക്കാം
ആരും സ്വൈരം കെടുത്തില്ല.
ഇനിയെനിക്ക്
ഉണങ്ങിപ്പാറുന്നതുവരെ
തല തുവർത്തണ്ട
ആരും ഇഴവിടർത്തിനോക്കില്ല

ഇനിയെനിക്ക് കിണറിന്റെ
ആൾമറയിലിരുന്ന്
ഉറക്കം തൂങ്ങിക്കൊണ്ട് പുസ്തകം വായിക്കാം
പാഞ്ഞെത്തുന്ന ഒരു നിലവിളി
എന്നെ ഞെട്ടിച്ചുണർത്തില്ല

ഇനിയെനിക്ക് സന്ധ്യാസമയത്ത്
പുറത്തിറങ്ങാൻ ടോർച്ചെടുക്കേണ്ട
വിഷം തീണ്ടി
രോമത്തുളകളിലൂടെ,
ചോരവാർന്ന് ചത്ത
അയൽക്കാരനെയോർത്ത്
ഉറക്കത്തിൽ എണീറ്റിരുന്ന മനസ്സ്
ഇന്നലെ ഇല്ലാതായി

ഇനിയെനിക്ക്
എത്തിയേടത്തുറങ്ങാം
ഞാൻ എത്തിയാൽ മാത്രം
കെടുന്ന വിളക്കുള്ള വീട്
ഇന്നലെ കെട്ടു.

-- കൽപ്പറ്റ നാരായണൻ

കവിതാഭാഗത്തിന് ആസ്വാദനക്കുറിപ്പ് തയാറാക്കുക. (2 X 6 = 12)